അബ്ദുല്ലത്വീഫ് കൊടുവള്ളി

# നന്മയെയും തിന്മയെയും അല്ലാഹു പരിഗണിക്കുന്ന വിധം

عَنِ ابن عَباسٍ رَضِيَ اللَّهُ عنهما عنِ النَّبيِّ ﷺ فيما يَرْوِى عَنْ رَبِّه قَالَ: إنَّ اللهَ كَتَبَ الحَسَنَاتِ وَالسَّيِّئاتِ ثُمَّ بَيَّنَ ذَلكَ، فَمَنْ هَمَّ بِحَسَنَةٍ فَلَمْ يَعْمَلْهَا، كَتَبَهَا اللهُ تَعَالَى عِندَهُ حَسَنَةً كَامِلَةً ، وَإِنْ هَمَّ بِهَا فَعَمِلَهَا كَتَبَهَا اللهُ عَشَرَ حَسَنَاتٍ إلى سَبْعمِأة ضِعْفٍ إلى أَضْعَافٍ كَثيرَة، وَإِنْ هَمَّ بِسَيِّئَةٍ فَلَمْ يَعْمَلْهَا كَتَبَهَا اللهُ عِندَهُ حَسَنَةً كَامِلَةً، وَإِنْ هَمَّ بِهَا فَعَمِلَهَا كَتَبَهَا اللهُ سَيِّئَةً واحِدَةً

അല്ലാഹുവിൽ നിന്ന് നബി(സ) ഉദ്ധരിച്ചതായി ഇബ്നു അബ്ബാസ് (റ) റിപ്പോർട്ട് ചെയ്യുന്നു: നിശ്ചയം അല്ലാഹു നന്മകളെയും തിന്മകളെയും രേഖപ്പെടുത്തിയ ശേഷം അവ വിവരിച്ചിരിക്കുന്നു. ആരെങ്കിലും ഒരു നന്മ ചെയ്യാൻ ഭാവിച്ചു. പക്ഷേ, അത് ചെയ്തില്ല. എങ്കിൽ അല്ലാഹു അതിനെ നന്മയായി തന്റെയടുക്കൽ രേഖപ്പെടുത്തും. ആരെങ്കിലും നന്മ ചെയ്യാൻ ഭാവിച്ച ശേഷം അത് ചെയ്താൽ അല്ലാഹു അതിനെ പത്തു മുതൽ എഴുനൂറ് ഇരട്ടി വരെ, ധാരാളം ഇരട്ടികളായി രേഖപ്പെടുത്തുന്നതാണ്. ഒരാൾ തിന്മ ചെയ്യാൻ ഭാവിച്ചു. പക്ഷേ, അത് ചെയ്തില്ലെങ്കിൽ, അതിനെ അല്ലാഹു തന്റെയടുക്കൽ പൂർണമായ നന്മയായി രേഖപ്പെടുത്തുന്നതാണ്. ഇനി തിന്മ ചെയ്യാൻ ഭാവിച്ച ശേഷം അതു ചെയ്താലോ അല്ലാഹു അതിനെ ഒരു തിന്മയായി മാത്രം രേഖപ്പെടുത്തും (ബുഖാരി, മുസ്‌ലിം).

“ആരെങ്കിലും ഒരു നന്മ ചെയ്താൽ അവന് പത്തിരട്ടി നന്മയുണ്ടായിരിക്കും. ആരെങ്കിലും തിന്മ ചെയ്താൽ തത്തുല്യമായ അളവിൽ മാത്രമേ പ്രതിഫലം ലഭിക്കുകയുള്ളൂ. അവർ ആക്രമിക്കപ്പെടുന്നതല്ല” (*അൽ അൻആം* 160) എന്ന സൂക്തത്തിന്റെ വിശദീകരണമാണ് മേൽ നബിവചനം.

മനുഷ്യ ജീവിതത്തിൽ ആത്മീയമായോ ഭൗതികമായോ മറ്റു രീതികളിലോ സന്തോഷം പകരുന്ന ദൈവികാനുഗ്രഹത്തിന് കാരണമാകുന്ന നന്മക്ക് *ഹസന* എന്നു പറയുന്നു. ഇതിന്റെ വിപരീതഫലമുളവാക്കുന്ന തിന്മക്ക് *സയ്യിഅ* എന്നും പറയുന്നു.

സാധാരണഗതിയിൽ മനുഷ്യരുടെ ഭാഗത്തുനിന്നുണ്ടാവുന്ന ഏതൊരു നന്മയുടെയും തിന്മയുടെയും അഥവാ സൽക്കർമത്തിന്റെയും ദുഷ്കർമത്തിന്റെയും പിന്നിൽ മനസ്സിന്റെ ആഭിമുഖ്യം, ആഗ്രഹം, ആഗ്രഹിച്ചത് നടപ്പിലാക്കാനുള്ള ഭാവം, ഉദ്ദേശ്യം, ബുദ്ധി പ്രയോഗം, ദൃഢനിശ്ചയം എന്നീ ഘട്ടങ്ങളുണ്ടായിരിക്കും. ഇസ്‌ലാമിക വീക്ഷണ പ്രകാരം നന്മ ചെയ്താൽ മാത്രമല്ല, നന്മ ചെയ്യാൻ ആത്മാർഥമായി ആഗ്രഹിച്ചാൽ പോലും അത് അല്ലാഹുവിങ്കൽ നന്മയായി രേഖപ്പെടുത്തപ്പെടും; അത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും. അതേസമയം തിന്മ ചെയ്യാൻ വിചാരിച്ചു എന്നതിന്റെ പേരിൽ മാത്രം അല്ലാഹു ശിക്ഷിക്കില്ല; അത് ചെയ്യുന്നതുവരെ. നന്മയെ എല്ലാ അർഥത്തിലും ഉപര്യുപരി പ്രോത്സാഹിപ്പിക്കുക, തിന്മയെ ഏതു സാഹചര്യത്തിലും ന്യൂനീകരിക്കുക എന്നതാണ് അല്ലാഹുവിന്റെ നയം. ദുർബലരായ മനുഷ്യരെ സംബന്ധിച്ചേടത്തോളം തങ്ങളുടെ നന്മയുടെ ത്രാസ് തിന്മയേക്കാൾ കനം തൂങ്ങാൻ കരുണാവാരിധിയായ അല്ലാഹുവിന്റെ ഈ നിലപാട് സഹായിക്കുന്നു. രചനാത്മകവും ആഹ്ലാദകരവുമായ ഈ സമീപനം നന്മകളെ ത്വരിപ്പിക്കുകയും തിന്മകളെ തളർത്തുകയും ചെയ്യുന്നു. മനുഷ്യർ എങ്ങനെയും തെറ്റു ചെയ്തു കിട്ടിയാൽ അവരെ ശിക്ഷിക്കാമായിരുന്നു എന്ന് ദൃഢനിശ്ചയം ചെയ്ത ദുഷ്ടനല്ല അല്ലാഹു. പ്രത്യുത നന്മ ചെയ്തുകിട്ടിയാൽ ഇരട്ടിയിരട്ടിയായി പ്രതിഫലം നൽകി മോക്ഷം നൽകാൻ കാത്തുനിൽക്കുന്ന ദയാനിധിയാണവൻ. നന്മകൾ മാത്രം നിറഞ്ഞ മനസ്സും ലോകവും അതാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്ന ലോകം. ഇസ്‌ലാമിക വീക്ഷണ പ്രകാരം, നന്മയും തിന്മയും കേവല മാനുഷിക താൽപര്യ പ്രകാരം നിർണയിക്കപ്പെടാവതല്ല. ദൈവനിർണിതമായിരിക്കണം. അതുകൊണ്ടുതന്നെ അല്ലാഹു അവ കൃത്യമായി വിശദീകരിച്ചിരിക്കുന്നു. ജാസിമുബ്നു അബ്ദില്ലാഹിൽ അൻസ്വാരി പറയുന്നു: “മദീനയിൽ ചിലയാളുകളുണ്ട്. നിങ്ങൾ യാത്ര ചെയ്യുമ്പോഴും താഴ്‌വരകൾ മുറിച്ചുകടക്കുമ്പോഴുമെല്ലാം അവരുടെ മനസ്സ് നിങ്ങൾക്കൊപ്പം തന്നെയുണ്ട്. രോഗം കാരണമാണ് അവർ നിങ്ങൾക്കൊപ്പം വരാത്തത്. അവർ പ്രതിഫലത്തിൽ നിങ്ങളുടെ പങ്കാളികളാണ്” (മുസ്‌ലിം). അൽ മുഹാജിറുബ്നു ഹബീബിൽ നിന്ന് ദാറമി ഉദ്ധരിക്കുന്നു: അല്ലാഹു പ്രസ്താവിച്ചതായി നബി(സ) പറയുന്നു: “പണ്ഡിതന്റെ എല്ലാ വാക്കുകളെയും ഞാൻ സ്വീകരിക്കില്ല. ഞാൻ സ്വീകരിക്കുക അയാളുടെ ഇഛയെയും ഉദ്ദേശ്യത്തെയുമാണ്. അയാളുടെ ഉദ്ദേശ്യവും ഇഛയും എന്നോടുള്ള അനുസരണത്താൽ വിധേയമാണെങ്കിൽ അവന്റെ മൗനത്തെ എനിക്കുള്ള സ്തുതിയായും ബഹുമാനമായും ഞാൻ പരിഗണിക്കും; അതയാൾ പറഞ്ഞില്ലെങ്കിലും.”

നബി(സ) പ്രസ്താവിച്ചതായി അബൂകബ്ശ ഉദ്ധരിക്കുന്നു: “ഒരാൾക്ക് അല്ലാഹു അറിവും സമ്പത്തും നൽകി. അയാൾ സൽക്കർമം പ്രവർത്തിച്ചു. മറ്റൊരാൾക്ക് അല്ലാഹു അറിവ് നൽകി. സമ്പത്ത് നൽകിയില്ല. അയാൾ പറഞ്ഞു: ‘എനിക്ക് സമ്പത്തുണ്ടായിരുന്നുവെങ്കിൽ മറ്റയാൾ ചെയ്തതുപോലെ ഞാനും ചെയ്യുമായിരുന്നു.’ ഇതേപ്പറ്റി അവിടുന്നു പറഞ്ഞു: അയാൾക്ക് അയാളുടെ ഉദ്ദേശ്യമുണ്ട്. രണ്ടു പേരുടെയും പ്രതിഫലം തുല്യമായിരിക്കും” (തിർമിദി). ■